**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1728** **08-12-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന്റെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുന്നതിന്റെയും ഭാഗമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്ര വൽകൃത മത്സ്യബന്ധന രീതിയിലേക്ക് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതി പുരോഗമിച്ചു വരുന്നു.<br><br>ആഴക്കടൽ മത്സ്യബന്ധന ബോട്ടിന്റെ ഒരു യൂണിറ്റിന് 1.2 കോടി രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപയുമാണ്. (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ+ സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) എന്നാൽ കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യൂണിറ്റിന്റെ വില 1.5 കോടി രൂപയാണ്. സബ്സിഡി കഴിച്ചു ബാക്കിയുളള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ഗുണഭോക്തൃ വിഹിതത്തിന്റെ ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും CMEDP |

| | | | |
|---|---|---|---|
| | | | ലോൺ മുഖേന ലഭ്യമാക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ എത്ര വീതമാണ് കേന്ദ്ര സംസ്ഥാന വിഹിതമെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്ര വൽകൃത മത്സ്യബന്ധന രീതിയിലേക്ക് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതി പുരോഗമിച്ചു വരുന്നു.<br><br>ആഴക്കടൽ മത്സ്യബന്ധന ബോട്ടിന്റെ ഒരു യൂണിറ്റിന് 1.2 കോടി രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപയുമാണ്. (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ+ സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) എന്നാൽ കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യൂണിറ്റിന്റെ വില 1.5 കോടി രൂപയാണ്. സബ്സിഡി കഴിച്ചു ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ഗുണഭോക്തൃ വിഹിതത്തിന്റെ ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാന ദണ്ഡങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br><br>1.ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളായിട്ടുള്ളവരും 10 അംഗങ്ങളടങ്ങുന്ന JLG / SHG ഗ്രൂപ്പുകൾ രൂപീകരിക്കാൻ തയ്യാറുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങളിലെ അംഗങ്ങളുമായിരിക്കണം. FDWCS അല്ലെങ്കിൽ FFPOs കളെയും ഗുണഭോക്താവായി തെരഞ്ഞെടുക്കാ വുന്നതാണ്. JLG / SHG യിലെ അംഗങ്ങൾ ഒരേ പ്രൈമറി മത്സ്യബന്ധന സഹകരണ സംഘങ്ങളിൽ നിന്നുള്ളവരായിക്കണം.<br><br>2. നിലവിൽ ആഴക്കടൽ മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്നവരോ അല്ലെങ്കിൽ ഈ മേഖലയിൽ പരിചയവും താൽപര്യവും ഉള്ള മത്സ്യത്തൊഴിലാളികളോ ആയിരിക്കണം. ഫിഷറീസ് വകുപ്പ് / മത്സ്യഫെഡ് ഉദ്യോഗസ്ഥർ പ്രവൃത്തി പരിചയം സാക്ഷ്യ പ്പെടുത്തേണ്ടതാണ്.<br><br>3. ഗ്രൂപ്പിൽ നിന്ന് ഒരാളെ ഗ്രൂപ്പിന്റെ നേതാവായി തെരഞ്ഞെടുക്കേണ്ടതും മത്സ്യബന്ധന യാനം ടിയാന്റെ പേരിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്. ഗ്രൂപ്പ് അംഗങ്ങൾ ഒരു കരാറിൽ ഏർപ്പെടണ്ടതാണ്. ഉടമസ്ഥാവകാശം, നിക്ഷേപം, ആനുകൂല്യം പങ്കിടൽ തുടങ്ങിയവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ കരാറിൽ വ്യക്തമായി നിർവചിച്ചിരിക്കേണ്ടതുണ്ട്.<br><br>4. ഗുണഭേക്താക്കളുടെ പ്രായം 18 വയസ്സിന് മുകളിലായിരിക്കണം.<br><br>5.ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ജില്ലയിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ചെയർമാനും മത്സ്യഫെഡ് ജില്ലാ മാനേജർ കൺവീനറും ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവർ അംഗങ്ങളുമായ ജില്ലാതല കമ്മിറ്റിയാണ്. ഫിഷറീസ് ഡയറക്ടർ അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റിയാണ് ഗുണഭോക്തൃ ലിസ്റ്റിന് അന്തിമ അംഗീകാരം നൽകുന്നത്. |

സെക്ഷൻ ഓഫീസർ